KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.125/PR/PIC/PHQ/18 Date : 20.05.2018

## ടൂറിസം കേന്ദ്രങ്ങളുടെ സുരക്ഷ വർധിപ്പിക്കാൻ നിർദ്ദേശങ്ങളായി

സംസ്ഥാനത്തെത്തുന്ന ടൂറിസ്റ്റുകളുടേയും ടൂറിസം കേന്ദ്രങ്ങളുടേയും പൂർണ സുരക്ഷ ഉറപ്പാക്കുന്നതിന് നിലവിലുള്ള സുരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദശങ്ങൾ പുറപ്പെടുവിച്ച് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ ഉത്തരവായി.

ഇന്ത്യയിലാദ്യമായി വിവിധ ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം സംരക്ഷണ - പോലീസ് സഹായ കേന്ദ്രങ്ങൾ ആരംഭിച്ച സംസ്ഥാനങ്ങളിലൊന്നാണ് കേരളം. എന്നാൽ എല്ലായിടങ്ങളിലും ഇവ പൂർണമായി പ്രവർത്തനമാരംഭിച്ചിട്ടില്ല. ഇത്തരം എല്ലാ കേന്ദ്രങ്ങളും ജൂൺ 15 നകം പ്രവർത്തനക്ഷമമാക്കാനാണ് നിർദേശം. ജില്ലാ പോലീസ് ആവശ്യമെങ്കിൽ കൂടുതൽ ഉദ്യോഗസ്ഥരെ ഇതിനായി പരിശീലനം നൽകി നിയോഗിക്കും. പാസിങ് ഔട്ട് കഴിഞ്ഞ് പുതുതായി പോലീസ് സേനയിലെത്തിയ വനിതാ പോലീസുകാരെ ആവശ്യമായ പരിശീലനം നൽകി ടൂറിസം പോലീസ് വിഭാഗത്തിൽ നിയോഗിക്കും.

സുരക്ഷാ നടപടികളുടെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ, മറ്റു വകുപ്പുകൾ, സ്ഥലത്തെ ഹോട്ടലുകളും വ്യാപാര സ്ഥാപനങ്ങളും, ടാക്സി ഓട്ടോ ഡ്രൈവർമാർ തുടങ്ങി ബന്ധപ്പെട്ട എല്ലാവരുടെയും സഹകരണവും ഏകോപനവും ഉറപ്പുവരുത്തുണമെന്ന് സംസ്ഥാന പോലീസ് മേധാവി നിർദേശിച്ചിട്ടുണ്ട്. ഈ നടപടികൾ പൂർണ സുരക്ഷ ഉറപ്പുവരുത്തുന്നതോടൊപ്പം സഞ്ചാരികളുടെ സ്വകാര്യതയ്ക്ക് ഭംഗം വരാത്ത തരത്തിലാവണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, വിനോദ സഞ്ചാര വകുപ്പ് എന്നിവയുടെ സഹായത്തോടു കൂടി സ്വകാര്യതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷണം ശക്തമാക്കും. ഇത്തരം കേന്ദ്രങ്ങളിലെ ഹോട്ടലുകളിൽ താമസത്തിനെത്തുന്ന സഞ്ചാരികളെ സംബന്ധിച്ച വിവരങ്ങൾ ദിവസവും

ഹോട്ടൽ മാനേജ്മെന്റുകൾ പോലീസിനെ അറിയിക്കണം. കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് പരിശോധനകൾ വേണ്ടിവരുമ്പോൾ അത് സഞ്ചാരികൾക്ക് ബുദ്ധിമുട്ടുണ്ടാക്കാത്ത തരത്തിൽ നടത്തണം. ആയുർവേദ-യോഗ കേന്ദ്രങ്ങൾക്കും ഈ നിർദേശങ്ങൾ ബാധകമാണ്. അനധികൃതമായ ഇത്തരം കേന്ദ്രങ്ങൾ പ്രവർത്തിക്കുവാൻ അനുവദിക്കില്ല.

ടൂറിസം കേന്ദ്രങ്ങളിൽ മയക്കുമരുന്ന് കച്ചവടം, വ്യഭിചാരം , ക്രിമിനൽ പ്രവർത്തനങ്ങൾ , തുടങ്ങിയവയിൽ ഏർപ്പെടുന്ന സാമൂഹിക വിരുദ്ധരെ സംബന്ധിച്ച നിരീക്ഷണം ശക്തമാക്കും. ഇവരുടെ വിവരം ശേഖരിച്ച് ഇത്തരം പ്രവർത്തനങ്ങൾക്കെതിരെ നടപടിയെടുക്കാൻ എസ്.എച്ച്.ഒ.മാരോട് നിർദേശിച്ചിട്ടുണ്ട്.

ടൂറിസം കേന്ദ്രങ്ങളിലെ തെരുവുകച്ചവടക്കാർക്കും മറ്റും അംഗീകൃത വ്യാപാരി എന്ന തിരിച്ചറിയൽ മുദ്ര ഉൾപ്പെടെയുള്ള യൂണിഫോം നിർബന്ധമാക്കണമെന്ന് ടൂറിസം വകുപ്പിനോട് ആവശ്യപ്പെടും. വഴിയോര കച്ചവടക്കാർ പോലീസ് സ്റ്റേഷനിൽ അംഗീകൃത തിരിച്ചറിയൽ രേഖ ഉപയോഗിച്ച് രജിസ്റ്റർ ചെയ്യണം. രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാരെ പോലീസിന്റെയോ ടൂറിസം സഹായ കേന്ദ്രത്തിന്റെയോ അനുവാദമില്ലാതെ വിദേശികളുമായി ആശയവിനിമയം നടത്താനോ കച്ചവടം നടത്താനോ അനുവദിക്കില്ല.

ടാക്സി, ഓട്ടോ ഡ്രൈവർമാർ സ്ഥലത്തെ പ്രദേശവാസികൾ എന്നിവരെ ഏകോപിപ്പിച്ച് കൊണ്ട് ആവശ്യമായ വിവരം ശേഖരിച്ച് ലഭ്യമാക്കുന്ന സംവിധാനം രൂപപ്പെടുത്തും. സുരക്ഷാപ്രവർത്തനങ്ങളിൽ അവരുടെ സഹകരണവും ഉറപ്പാക്കുന്നതിനുള്ള ഏകോപനം ഉറപ്പുവരുത്തും.

വിദേശികളും ഇതരസംസ്ഥാനങ്ങളിലുള്ളവരുമായ ടൂറിസ്റ്റുകൾ കൂടുതലെത്തുന്ന പ്രധാന ടൂറിസ്റ്റു കേന്ദ്രങ്ങളിലെ പോലീസ് സ്റ്റേഷനുകളിൽ ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, കന്നഡ, തെലുങ്ക് തുടങ്ങിയ ഭാഷകൾ സംസാരിക്കാനറിയുന്ന പോലീസുദ്യോഗസ്ഥർ ഉണ്ടെന്ന് ഉറപ്പുവരുത്തും.

ടൂറിസം പോലീസിന്റെ യൂണിഫോം പരിഷ്കരിച്ച് കാക്കി നിറത്തിലുള്ളതാക്കും. പീക്ക് സീസണിൽ ബറ്റാലിയനുകളിൽ നിന്ന് അധികം സേനാംഗങ്ങളെ നിയോഗിക്കും. മയക്കുമരുന്നുകച്ചവടം പോലെ നിയമവിരുദ്ധപ്രവർത്തനം സംബന്ധിച്ച് സംശയം തോന്നിയാൽ ഇവർക്ക് ആവശ്യമായ പരിശോധനകൾ നടത്താം.

ടൂറിസ്റ്റുകൾ എയർപോർട്ടിലും തുറമുഖങ്ങളിലും റെയിൽവേസ്റ്റേഷനുകളിലും ബസ് സ്റ്റാൻഡുകളിലും ടൂറിസ്റ്റ് കേന്ദ്രങ്ങളിലും എത്തിച്ചേരുമ്പോൾതന്നെ അവർക്ക് അംഗീകൃത ഗൈഡുകൾ, സഹായക ഫോൺ നമ്പരുകൾ , ടൂറിസ്റ്റ് ലക്ഷ്യസ്ഥാനങ്ങൾ, ലൈസൻസ് ഉള്ള ഹോട്ടലുകൾ, ആയുർവേദ കേന്ദ്രങ്ങൾ, അടുത്തുള്ള ആശുപത്രികൾ തുടങ്ങിയ വിവരങ്ങളും അംഗീകൃത ഗൈഡുകളുടേയും പോലീസ് ഉദ്യോഗസ്ഥരുടേയും യൂണിഫോം തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങളും അടങ്ങിയ, പോലീസ് തയ്യാറാക്കി

യതോ വിവിധ വകുപ്പുകളിൽ നിന്നും ശേഖരിച്ചതോ ആയ ലഘുലേഖകൾ നൽകും. ടൂറിസം പോലീസ് മൊബൈൽ ആപ്ലിക്കേഷനും പുറത്തിറക്കും. ഇതോടൊപ്പം വിനോദ സഞ്ചാരികളിൽ നിന്നുള്ള അഭിപ്രായ നിർദ്ദേശങ്ങൾ അവർ മടങ്ങിപ്പോകുന്ന വേളയിൽ ശേഖരിച്ച് അതിന്റെ അടിസ്ഥാനത്തിൽ സുരക്ഷാനടപടികളിൽ ആവശ്യമായ പരിഷ്കരണങ്ങൾ വരുത്തും.

ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥിതി ചെയ്യുന്ന പോലീസ് സ്റ്റേഷനുകളിൽ അനുയോജ്യമായ നല്ല അന്തരീക്ഷം ഉണ്ടാക്കുകയും ടൂറിസം പോലീസിലെ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും അവരുടെ ആശയവിനിമയ ശേഷി മെച്ചപ്പെടുത്തുന്നതിനുള്ള ക്ലാസുകൾ നൽകുകയും ചെയ്യും.

വിനോദ സഞ്ചാരികളുടെ സുരക്ഷാകാര്യത്തിൽ മികച്ച സേവനം നൽകുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് പാരിതോഷികങ്ങൾ നൽകും.

വിനോദ സഞ്ചാരികളുടെ സുരക്ഷ വിലയിരുത്തുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ജില്ലാ പോലീസ് മേധാവി മാർ സ്റ്റേഷൻഎസ്.എച്ച്.ഒ.യുമായി കൃത്യമായ ഇടവേളകളിൽ യോഗം നടത്തണമെന്നും സംസ്ഥാന പോലീസ് മേധാവി നല്കിയ നിർദ്ദേശത്തിൽ പറയുന്നു.

*********